(ജെ) യന്ത്ര സാമഗ്രികളുടെ സമഗ്രമായ നവീകരണവും തൊഴിലാളികളുടെ ഉൽപ്പാദനക്ഷമത വർദ്ധനവും നടപ്പിലാക്കുക വഴി ഉല്പാദന ചെലവും, ഉൽപ്പന്നങ്ങളുടെ ഗുണനിലവാരവും ഈ വ്യവസായത്തിലെ മുൻനിരക്കാരോടൊപ്പമാക്കിയാൽ മാത്രമെ ഇന്നത്തെ മാറിയ വാണിജ്യ സാഹചര്യങ്ങളിൽ ലാഭകരമായി പ്രവർത്തിക്കുന്നതിന് സ്പിന്നിംഗ് മില്ലുകൾക്ക് കഴിയുകയുള്ളൂ. സംസ്ഥാന ഗവൺമെന്റ് സ്ഥാപിച്ചിട്ടുള്ള കേരള വ്യവസായ പുനരുദ്ധാരണ ഫണ്ടിൽ നിന്നുമുള്ള ധനസഹായത്താൽ നവീകരണ പദ്ധതികൾ നടപ്പിലാക്കുക വഴി മില്ലുകളുടെ ലാഭകരമായ പ്രവർത്തനം ഉറപ്പു വരുത്താനാകുന്നതാണ്.

(കെ) ഇതിനായി പ്രത്യേക സംവിധാനങ്ങളൊന്നും ഏർപ്പെടുത്തിയിട്ടില്ല.

(എൽ) പരിശോധിച്ചു വരുന്നു.

35 (2183) കരകൗശല വികസന കോർപ്പറേഷന്റെ വില്പന ശാലകൾ കാര്യക്ഷമാക്കാൻ നടപടികൾ

ശ്രീ. കെ.പി. വിശ്വനാഥൻ :

ശ്രീ. എ.കെ. മണി :

ശ്രീമതി രാധാ രാഘവൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരകൗശലവികസന കോർപ്പറേഷന്റെ വില്പനശാലകൾ കാര്യക്ഷമമാക്കാനും ലാഭകരമാക്കാനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) ഇനി എന്തെല്ലാം നടപടികൾ ഇക്കാര്യത്തിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു;

(സി) കരകൗശല വികസന കോർപ്പറേഷൻ വിൽക്കുന്ന കരകൗശല വസ്തുക്കളെ വില്പന നികുതിയിൽ നിന്നൊഴിവാക്കുന്ന ഉത്തരവ് പിൻവലിച്ചതുമൂലം അതിന്റെ വില്പനയിൽ കുറവ് വന്നിട്ടുണ്ടോ;

(ഡി) എങ്കിൽ നികുതിയിളവ് പുനഃസ്ഥാപിക്കുന്നകാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) കരകൗശല വികസന കോർപ്പറേഷന്റെ വില്പനശാലകൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി നഷ്ടത്തിൽ പ്രവർത്തിച്ചു വന്ന വില്പന ശാലകൾ കൂടുതൽ വില്പന ലഭ്യമാകത്തക്ക വിധം പ്രധാന വില്പന കേന്ദ്രങ്ങളിലേക്ക് മാറ്റി സ്ഥാപിച്ചു; കൂടാതെ വില്പന ത്വരിതപ്പെടുത്തുന്നതിന് പ്രദർശന-വിപണന മേളകളും സംഘടിപ്പിക്കുന്നുണ്ട്.

(ബി) യു.എൻ.ഡി.പി. പദ്ധതി പ്രകാരമുള്ള തടി സംസ്ക്കരണശാലയുടേയും തടി വളയ്ക്കൽ പ്ലാന്റിന്റേയും പ്രവർത്തനത്തിന് രൂപം നൽകിയിട്ടുണ്ട്. ഇത് ആരംഭിച്ചു കഴിഞ്ഞാൽ ഗുണമേന്മയുള്ള കരകൗശല വസ്തുകൾ നിർമ്മിച്ച് വില്പന നടത്തുവാൻ കഴിയും. ആധുനിക വിവര സാങ്കേതിക വിദ്യ ലഭ്യമാക്കിക്കൊണ്ട് അന്താരാഷ്ട്ര തലത്തിൽ കരകൗശല വസ്തുക്കൾക്ക് വേണ്ടത്ര വിപണി നേടിയെടുക്കുന്നതിനുമുള്ള ശ്രമങ്ങളും നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത നടപടി കോർപ്പറേഷന്റെ വില്പനയെ സാരമായി ബാധിച്ചിട്ടുണ്ട്.

(ഡി) ഇക്കാര്യം പരിശോധിച്ചുവരുന്നു.

36 (2184) മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ പ്രവർത്തനം

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൈനിംഗ് ആന്റ് ജിയോളജി വകുപ്പിൽ സ്ഥിരമായി ഡയറക്ടറെ നിയമിക്കാത്തതെന്തുകൊണ്ടാണ്;

(ബി) മുൻ ഡയറക്ടർമാരിൽ ആർക്കെങ്കിലും എതിരെ വിജിലൻസ് അല്ലെങ്കിൽ പോലീസ് അന്വേഷണം നടക്കുന്നുണ്ടോ; അന്വേഷണം ആരംഭിച്ചത് എന്നാണെന്നും ആർക്കെല്ലാമെതിരെയാണെന്നും അറിയിക്കുമോ;

(സി) ആരാണ് അന്വേഷണം നടത്തുന്നത്; എന്തൊക്കെയാണ് കുറ്റാരോപണങ്ങൾ വിശദമാക്കുമോ;

(ഡി) ഇവർക്കാർക്കെങ്കിലും പെൻഷൻ നിഷേധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആർക്ക് എന്ന് വെളിപ്പെടുത്തുമോ;

(ഇ) മൈനിംഗ് ലീസ് പര്യവേഷണം എന്നീ വിഭാഗങ്ങളിൽ എത്ര വിഭാഗത്തിൽ സേവനം അനുഷ്ഠിക്കുന്നു; മൈനിംഗ് ലീസ് വിഭാഗത്തിൽ തുടർച്ചയായി എത്ര ജീവനക്കാർ സേവനം നടത്തുന്നുണ്ട്; പര്യവേഷണ വിഭാഗത്തിൽ സേവനം അനുഷ്ഠിക്കാൻ ജീവനക്കാർ വിമുഖതകാട്ടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(എഫ്) 1996-ൽ പ്രസ്തുത വകുപ്പിൽനിന്നും ആരൊക്കെ വിദേശത്ത് പോയി, എവിടെയെല്ലാമാണ് പോയത്; എന്ത് തുക ചെലവായി; ആരാണ് ചെലവ് വഹിച്ചത്, എന്തിനാണ് പോയത് എന്നും വിശദമാക്കുമോ?

ഉത്തരം

(എ) മൈനിംഗ് ആന്റ് ജിയോളജി വകുപ്പിലെ അഡീഷണൽ ഡയറക്ടർ ഡയറക്ടറുടെ ചുമതല കൂടി വഹിച്ചുവരുന്നു. നിലവിലുള്ള സ്പെഷ്യൽ റൂൾസ് അനുസരിച്ച് നിർദ്ദിഷ്ട സർവ്വീസ് യോഗ്യതകൾ ഉള്ളവരുടെ അഭാവം മൂലമാണ് ഡയറക്ടറുടെ നിയമനം നടക്കാത്തത്.

(ബി)&(സി) മൈനിംഗ് ആന്റ് ജിയോളജി വകുപ്പിലെ മുൻ ഡയറക്ടറായ ശ്രീ. പി.സി. ജോർജ്ജിനെതിരായി വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തിയിരുന്നു. 1997 ലാണ് അന്വേഷണം ആരംഭിച്ചത്.

ശ്രീ. ജോർജിനെതിരെയും സീനിയർ ജിയോളജിസ്റ്റ് ശ്രീ. ജോൺ സാമുവലിനെതിരെയും (ഇപ്പോൾ ഡെപ്യൂട്ടി ഡയറക്ടർ) ആയിരുന്നു അന്വേഷണം. രാജസ്ഥാനിലെ റോക്ക് ഡ്രിൽ കമ്പനിയിൽനിന്നും കോർഡ്രിൽ, വാട്ടർ പമ്പ് എന്നിവ വാങ്ങിയതിലും പൈപ്പ് റേഞ്ച്, കൽക്കട്ടാ റെഫ്രിജറേറ്റേഴ്സ് എന്ന കമ്പനിയിൽനിന്നും ഡ്രില്ലിംഗിന് വേണ്ട ഉപകരണങ്ങളായ റോഡുകൾ, ഡയമണ്ട് ബിറ്റുകൾ എന്നിവ വാങ്ങിയതിലും, അറ്റോമിക്

LIBRARY ARCHIVES Kerala Legislative Assembly